ഇടമലക്കുടി പഞ്ചായത്തിലെ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കുള്ള വേതനം

43 (1867) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥർക്ക് നല്കിയ വേതനം സംബന്ധിച്ച വിശദാംശം നൽകാമോ ;

(ബി) ഇടമലക്കുടി പഞ്ചായത്തിലെ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്നവർ രണ്ടു ദിവസം അധിക ഡ്യൂട്ടി ചെയ്തിട്ടും അധിക വേതനം നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിച്ച് അധികമായി ജോലി ചെയ്തതിനു ലഭിക്കേണ്ട വേതനം നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ ;

(സി) തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥർക്ക് എത്ര ദിവസത്തെ നഷ്ടപരിഹാര അവധിയാണ് എടുക്കാൻ അനുവാദമുള്ളത് ; ഇടമലക്കുടി പഞ്ചായത്തിൽ ഡ്യൂട്ടി ചെയ്തവർക്ക് എത്ര ദിവസത്തെ നഷ്ടപരിഹാര അവധി അനുവദിച്ചിട്ടുണ്ട് ;

(ഡി) ഇടമലക്കുടിയിൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥർക്ക് അനുവദിച്ചിരുന്ന മറ്റു സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്ന പ്രിസൈഡിംഗ് ഓഫീസർക്ക് 2 ദിവസത്തേക്ക് ഫുഡ് അലവൻസ് ഉൾപ്പെടെ 1,000 രൂപയും മറ്റ് ഓഫീസർമാർക്ക് 2 ദിവസത്തേക്ക് ഫുഡ് അലവൻസ് ഉൾപ്പെടെ 800 രൂപ വീതവും വേതനം അനുവദിച്ചിരുന്നു.

(ബി) ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്നവർക്ക് 2 ദിവസത്തെ വേതനമാണ് നൽകിയിരുന്നത്. എന്നാൽ ഉദ്യോഗസ്ഥർ അധിക ഡ്യൂട്ടി ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ, അധികമായി ജോലി ചെയ്ത 2 ദിവസത്തെ വേതനംകൂടി ഉദ്യോഗസ്ഥർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് ഉൾപ്പെടെ സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥർക്ക് നഷ്ടപരിഹാര അവധി അനുവദിച്ചിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇടമലക്കുടിയിൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്നവർക്ക് ഇലക്ഷൻ സാമഗ്രികളുടെ വിതരണ ദിവസം മുതൽ ഭക്ഷണം നൽകുകയും 13 ബൂത്തികളിലേക്കായി വാഹനം എത്തുന്ന സ്ഥലം വരെ ചെല്ലുന്നതിനായി 41 ഫോർ വീൽ ജീപ്പുകളും, ഒരു ടെമ്പോയും അയച്ചിരുന്നു. കൂടാതെ ഉദ്യോഗസ്ഥരോടൊപ്പം മെഡിക്കൽ ടീമിനെ ആവശ്യമായ മരുന്നുകൾ സഹിതം അയച്ചിരുന്നു. കമ്മ്യൂണിക്കേഷനുവേണ്ടി 24 ഹാം റേഡിയോ പ്രവർത്തകരേയും അക്ഷയ ടീമിനെയും ഇടമലക്കുടിയിൽ നിയോഗിച്ചിരുന്നു. ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥർക്കായി ഇടമലക്കുടിയിൽ ഭക്ഷണം നൽകുന്നതിന് ദേവികുളം താലൂക്ക് എസ്.ടി. ഓഫീസർ മുഖാന്തരം ക്രമീകരണങ്ങൾ നടത്തുകയും കറ്റമറ്റ രീതിയിൽ അത് നൽകുകയും ചെയ്തു.

കൂടാതെ ഇടമലക്കുടിയിൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും സ്ലീപ്പിംഗ് ബാഗ്, ഫസ്റ്റ് എയ്ഡ് കിറ്റ്, ഓരോ ബൂത്തിലേക്കും ഓരോ എമർജൻസി ലാമ്പ്, 2 ടോർച്ചുകൾ എന്നിവ നൽകുകയും ഇലക്ഷൻ സാമഗ്രികളും മറ്റും ചുമന്നുകൊണ്ടുപോകുന്നതിനായി പരിചയസമ്പന്നരായ ചുമട്ടുതൊഴിലാളികളെ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. വിജയകരമായി പോളിംഗ് ഡ്യൂട്ടികൾ നിർവഹിച്ചു തിരിച്ചുവന്ന ഉദ്യോഗസ്ഥരെ സ്വീകരിച്ച് ആരോഗ്യ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി വാൽപ്പാറയിൽ വേണ്ട സൗകര്യങ്ങൾ ചെയ്തിരുന്നു. ഈ കേന്ദ്രത്തിൽ ഭക്ഷണവും മറ്റ് ക്രമീകരണങ്ങളും ഏർപ്പെടുത്തിയിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിന് ചെലവാക്കിയ തുക

44 (1868) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ പോലീസ് ഉപയോഗിച്ച സ്വകാര്യ വാഹനങ്ങൾക്ക് ഇനിയും വാടക നൽകിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗ്രാമ-ബ്ലോക്ക്തല വരണാധികാരികളായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കും അനുബന്ധ സ്റ്റാഫിനും ഓണറേറിയം നിശ്ചയിച്ചു നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുമായി ആലോചിച്ച് ഇക്കാര്യം തീരുമാനിക്കുമോ ;

(ഡി) തെരഞ്ഞെടുപ്പിന് ആവശ്യമായ തുക സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനു നൽകിയിട്ടുണ്ടോ ; ഇതുവരെ എത്ര രൂപ നൽകി; ഇനിയും എത്ര തുക കൂടി നൽകുവാനുണ്ട് ; പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly